**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4151** **17-03-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറ ഗ്രാമപഞ്ചായത്തിലെ സെൻസസ് അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2011-ലെ സെൻസസിൽ കുണ്ടറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ തെറ്റായി രേഖപ്പെടുത്തിയത് മൂലം പട്ടികജാതി പദ്ധതി വിഹിതത്തിൽ കുറവ് വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വാർഷിക പദ്ധതിയിൽ ലഭ്യമായ പട്ടികജാതി ഉപപദ്ധതി വിഹിതം സെൻസസ് അപാകതമൂലം കുറവുവന്നത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് കുണ്ടറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സർക്കാരിൽ അപേക്ഷിച്ചിരുന്നു. ഇത്തരത്തിൽ അപാകത ഉണ്ടായിട്ടുണ്ടോ എന്ന് വിശദമായി പരിശോധിക്കുന്നതിനായി പേരയം, കുണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, പ്രസിഡണ്ടുമാർ, പേരയം, മുളവന വില്ലേജ് ആഫീസർമാർ, ജില്ലാ പട്ടികജാതി വികസന ആഫീസർ, ചിറ്റുമല ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ എന്നിവരുടെ യോഗം ജില്ലാകലക്ടറുടെ നേതൃത്വത്തിൽ അടിയന്തരമായി വിളിച്ചുചേർത്ത് ഓരോ ഗ്രാമപഞ്ചായത്തിലെയും 2011 ലെ ജനസംഖ്യ സംബന്ധിച്ച കണക്ക് നിശ്ചിത പ്രൊഫോർമയിൽ ശേഖരിച്ച് തുടർനടപടികൾക്കായി ധനവകുപ്പിന് നൽകുവാൻ കൊല്ലം ജില്ലാകലക്ടർക്ക് നിർദേശം നൽകിയിരുന്നു. ടി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 12.02.2025 ന് ബഹു.ജില്ലാ കലക്ടർ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തിട്ടുള്ളതും തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടറും പട്ടികജാതി വികസന ഓഫീസറും സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് ബോർഡ് എന്നിവർക്ക് സമർപ്പിക്കുന്നതിനും പകർപ്പ് ജില്ലാ കലക്ടർക്ക് ലഭ്യമാക്കുവാനും നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഗ്രാമപഞ്ചായത്തുകളിൽ നികത്തേണ്ടതായ ജനപ്രതിനിധികളുടെ എണ്ണം നിശ്ചയിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് വിജ്ഞാപനം ഇറക്കിയപ്പോൾ, സെൻസസിലുണ്ടായ അപാകത മൂലം പട്ടികജാതി വനിതകൾക്ക് സംവരണം ചെയ്യേണ്ട രണ്ട് | (ബി) | സെൻസസ് വകുപ്പിൽനിന്ന് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതുക്കിയ അംഗസംഖ്യ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. 2011 ലെ സെൻസസ് പ്രകാരം |

| | | | |
|---|---|---|---|
| | സ്ഥാനങ്ങൾ കുണ്ടറ ഗ്രാമപഞ്ചായത്തിൽ നഷ്ടപെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ? | | കുണ്ടറ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 14651 ഉം പട്ടികജാതി ജനസംഖ്യ 1110 ഉം ആണ്. 2011 ലെ സെൻസസ് ഡാറ്റ പ്രകാരം പട്ടികജാതി വിഭാഗത്തിന് ഒന്നിലധികം പ്രാതിനിധ്യം ലഭിക്കുന്നതിനായി നിശ്ചിത അനുപാതം ജനസംഖ്യ കുണ്ടറ ഗ്രാമപഞ്ചായത്തിൽ ഇല്ല. |

സെക്ഷൻ ഓഫീസർ